# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - 2018 – വർഷത്തെ ടൈപ്പിസ്റ്റുമാരുടെ പൊതു സ്ഥലം മാറ്റം - സംബന്ധിച്ച്

---

ഉത്തരവ് നം.എസ്റ്റാ.സി3/6062/2018/കോവി.വ തീയതി: 28.05.2018

---

പരാമർശം:- 1. 25-02-2017 തീയതിയിലെ സ.ഉ (പി)നം. 3/2017 ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 16-02-2018 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.
3. വിവിധ സ്ഥാപന മേധാവികൾ മുഖേന ലഭ്യമായ ടൈപ്പിസ്റ്റുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അനദ്ധ്യാപക ജീവനക്കാരുടെ 2018 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ സൂചന (2) പ്രകാരം ക്ഷണിച്ചതനുസരിച്ച് പരാമർശം (3) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായ ടൈപ്പിസ്റ്റുമാരുടെ 2018 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പരാമർശം (1) സർക്കാർ ഉത്തരവിലെ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ 2018 വർഷത്തിൽ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചവർ ആരും പൊതുസ്ഥലം മാറ്റം അനുവദിക്കുന്നതിന് അർഹത നേടിയിട്ടില്ലാത്തതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച ടൈപ്പിസ്റ്റുമാരെ മേൽ വരാൻ സാദ്ധ്യതയുള്ള ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതിന് 'ക്യൂ' വിൽ നിർത്തി ഉത്തരവാകുന്നു.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
0471 - 2305547
srao.colledn@kerala.gov.in

പകർപ്പ് :-
1. വിവിധ സ്ഥാപന മേധാവികൾക്ക്
2. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA 2017-18

ഡി.എസ്. 31.05.18

7495658